REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യൻ വ്യവസായ ഇതിഹാസവും ടാറ്റാ ഗ്രൂപ്പ് മുൻ ചെയർമാനുമായ രത്തൻ ടാറ്റ അന്തരിച്ചു.**
- **രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയുംപ്രധാനമന്ത്രിയുമടക്കം പ്രമുഖർ രത്തൻ ടാറ്റയുടെ നിര്യാണത്തിൽ അനുശോചനമറിയിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ലാവോസ് സന്ദർശനം ഇന്ന് ആരംഭിക്കും.**
- **ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണം, വഖഫ് ബോർഡ് ഭേദഗതി ബിൽ എന്നിവയുമായി ബന്ധപ്പെട്ട രണ്ട് പ്രമേയങ്ങൾ  നിയമസഭ ഇന്ന് പരിഗണിക്കും.**
- **ബംഗ്ലാദേശിനെതിരായ പുരുഷ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്-**
- **വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലും ഇന്ത്യയ്ക്ക് വിജയം.**

## വാർത്തകൾ വിശദമായി

ഇന്ത്യൻ വ്യവസായ ഇതിഹാസവും ടാറ്റാ ഗ്രൂപ്പ് മുൻ ചെയർമാനുമായ രത്തൻ നവൽ ടാറ്റ അന്തരിച്ചു. മുംബൈയിലെ ബ്രീച്ച് കാൻഡി ആശുപത്രിയിൽ ഇന്നലെ രാത്രി പതിനൊന്നേ മുക്കാലോടെയായിരുന്നു 86 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. ടാറ്റാ സൺസ് ചെയർമാൻ N. ചന്ദ്രശേഖരനാണ് രത്തൻടാറ്റയുടെ മരണം മാധ്യമങ്ങളെ അറിയിച്ചത്.

രക്തസമ്മർദ്ദം കുറഞ്ഞതിനെ തുടർന്ന് തിങ്കളാഴ്ച രത്തൻടാറ്റയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ആരോഗ്യനില മോശമായതിനെ തുടർന്ന് അദ്ദേഹത്തെ അന്ന് തന്നെ വെന്റിലേറ്ററിലേക്ക് മാറ്റി.

**....ഡെസ്ക് റിപ്പോർട്ട്....**

ഇന്ത്യയുടെ വ്യവസായ മുന്നേറ്റങ്ങൾക്ക് അമരക്കാരനായിരുന്നു രത്തൺ ടാറ്റ. ടാറ്റാ സൺസ് മുൻ ചെയർമാനായിരുന്ന അദ്ദേഹം ഗ്രൂപ്പിന്റെ എമിരിറ്റസ് ചെയർമാനായും ടാറ്റാ ട്രസ്റ്റ് ചെയർമാനായും പ്രവർത്തിച്ചു വരികയായിരുന്നു. രണ്ട് പതിറ്റാണ്ടിലേറെ അദ്ദേഹം ചെയർമാനായ കാലത്താണ്  ടാറ്റാ ഗ്രൂപ്പ് ആഗോള കമ്പനിയായി വളർന്നത്.

ന്യൂയോർക്കിൽ നിന്ന് ആർക്കിടെക്ചർ ബിരുദമെടുത്ത ശേഷം 1962-ൽ ടാറ്റാ ഗ്രൂപ്പിൽ ട്രെയ്നിയായി ജോലിയിൽ പ്രവേശിച്ച രത്തൻ ടാറ്റ 1981-ൽ ടാറ്റാ ഇൻഡസ്ട്രീസ് ചെയർമാനായി. 1991 മുതൽ 2012 ഡിസംബർ 28 വരെ ടാറ്റാ സൺസ് ചെയർമാനായി പ്രവർത്തിച്ചു.

സാധാരണക്കാർക്ക് വേണ്ടി  ജനകീയ കാറായ നാനോ അവതരിപ്പിച്ചതും ബ്രിട്ടീഷ് കാർ കമ്പനിയായ ജാഗ്വാർ ലാന്റ് ഡ്രോവർ കമ്പനി ഏറ്റെടുത്തതും രത്തൻ ടാറ്റയുടെ കാലത്താണ്.

ജീവിതമൂല്യങ്ങളും മനുഷ്യസ്നേഹവും സഹജീവികളോട് അനുകമ്പയും എന്നും പുലർത്തിയ വ്യക്തിത്വമായിരുന്നു രത്തൻ ടാറ്റയുടേത്. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്ന പ്രവർത്തനങ്ങളിലും അദ്ദേഹം മുഖ്യ പങ്കാളിയായി. 2000-ൽ പദ്മഭൂഷണും 2008- ൽ പദ്മവിഭൂഷണും  നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തരമന്ത്രി അമിത്ഷാ, രാജ്യ രക്ഷാമന്ത്രി രാജ് നാഥ് സിംഗ്, ലോക് സഭ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി എന്നിവരടക്കം പ്രമുഖർ രത്തൻ ടാറ്റയുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.

വ്യവസായരംഗത്തും രാജ്യ പുരോഗതിക്കും ഒരേ പോലെ പ്രവർത്തിച്ച മാതൃകയായിരുന്നു രത്തൻ ടാറ്റയെന്ന് രാഷ്ട്രപതി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ഇന്ത്യൻ വ്യവസായത്തിൽ ഉജ്ജ്വല പ്രതീകമായിരുന്നു രത്തൻ ടാറ്റയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ വിശേഷിപ്പിച്ചു.

വലിയ സ്വപ്നങ്ങൾ കാണാനും പ്രവർത്തിക്കാനും സമൂഹത്തിന് അതിന്റെ നേട്ടങ്ങൾ കൈമാറാനും എന്നും ശ്രമിച്ച വ്യവസായ പ്രമുഖനായിരുന്നു രത്തൻ ടാറ്റയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

രത്തൻ ടാറ്റയുടെ അന്ത്യകർമ്മങ്ങൾക്ക് മഹാരാഷ്ട്ര ഗവൺമെന്റ് പൂർണ ഔദ്യോഗിക ബഹുമതി പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ലാവോസ് സന്ദർശനം ഇന്ന് ആരംഭിക്കും. ലാവോസ് പ്രധാനമന്ത്രി സോനെക്സെ സിഫാൻ ഡോണിന്റെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദിയുടെ സന്ദർശനം. 21-ാമത് ആസിയാൻ - ഇന്ത്യ ഉച്ചകോടിയിലും 19-ാമത് പൂർവേഷ്യാ ഉച്ചകോടിയിലും മോദി പങ്കെടുക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ആസിയാൻ രാജ്യ തലവൻമാരുമായി പ്രധാനമന്ത്രി പരസ്പര ബന്ധത്തിലെ പുരോഗതി വിലയിരുത്തും.

✪✪✪

വിവിധ ഗവൺമെന്റ് സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് ഉമാങ് ആപ്പ്, ഡിജിലോക്കറുമായി ഒന്നിച്ചു പ്രവർത്തിക്കുമെന്ന് ദേശീയ ഇ-ഗവേണൻസ് ഡിവിഷൻ അറിയിച്ചു. ഒരു പ്ലാറ്റ്ഫോമിലൂടെ ഒന്നിലധികം സേവനങ്ങൾ കൈകാര്യം ചെയ്യാൻ ഈ സഹകരണം സഹായിക്കുമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് - ഐടി മന്ത്രാലയം അറിയിച്ചു.

✪✪✪

രണ്ടാം കരസേന കമാൻഡോഴ്സ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം ഇന്ന് സിക്കിമിലെ ഗാംഗ്ടോക്കിൽ ഹൈബ്രിഡ് മോഡിൽചേരും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഉയർന്നു വരുന്ന സുരക്ഷാ വെല്ലുവിളികളെക്കുറിച്ച് സമ്മേളനം ചർച്ച ചെയ്യും. രണ്ടാംഘട്ട സമ്മേളനം ഈ മാസം 28, 29 തിയതികളിൽ ഡൽഹിയിൽ ചേരും.

✪✪✪

സംസ്ഥാനത്ത് ദേശവിരുദ്ധ പ്രവർത്തനം നടന്നിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് അക്കാര്യം മുഖ്യമന്ത്രി അറിയിച്ചില്ലെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ചോദിച്ചു. എന്തിനാണ് ഇത് മുഖ്യമന്ത്രി മറച്ചു വയ്ക്കുന്നതെന്നും ഗവർണർ ആരാഞ്ഞു. പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ഗവർണർ.

മുഖ്യമന്ത്രി പറയാത്ത കാര്യങ്ങളാണ് ഹിന്ദു പ്രസിദ്ധീകരിച്ചതെങ്കിൽ പത്രത്തിനെതിരെ കേസ് കോടുക്കുകയാണ് വേണ്ടത്. ആ നടപടി ഉണ്ടായിട്ടില്ലെന്നും ഗവർണർ പറഞ്ഞു.

✪✪✪

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണം, വഖഫ് ബോർഡ് ഭേദഗതി ബിൽ എന്നിവയുമായി ബന്ധപ്പെട്ട രണ്ട് പ്രമേയങ്ങൾ നിയമസഭ ഇന്ന് പരിഗണിക്കും. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണത്തിൽ നിന്ന് പിന്മാറണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ അവതരിപ്പിക്കും. 2024 ലെ വഖഫ് ഭേദഗതി ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്ന മറ്റൊരു പ്രമേയം മന്ത്രി V അബ്ദുറഹ്മാനും സഭയിൽ അവതരിപ്പിക്കും.

സംസ്ഥാനത്തെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച ഭേദഗതി ബിൽ ഉൾപ്പെടെ മൂന്ന് ബില്ലുകളും ഇന്ന് നിയമസഭയിൽ കൊണ്ടുവരും. കേരള PSC ഭേദഗതി ബിൽ, പ്രവാസി ക്ഷേമ ഭേദഗതി ബിൽ തുടങ്ങിയവയിലെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സഭയുടെ പരിഗണനയ്ക്കെത്തും.

✪✪✪

ഹിസ്ബുത്താഹിർ കേസിലെ പ്രധാന പ്രതി നാകിബ് എന്ന ഫൈസുൽ റഹ്മാനെ പുതുച്ചേരിയിൽ നിന്ന് അറസ്റ്റു ചെയ്തതായി ദേശീയ അന്വേഷണ ഏജൻസി അറിയിച്ചു. കേസിൽ അറസ്റ്റിലാകുന്ന ഏഴാമത്തെ ഹിസ്ബുത്താഹിർ പ്രവർത്തകനാണ് ഫൈസുൽ റഹ്മാൻ. കേസിലെ പ്രധാന സൂത്രധാരനായ ഹമീദ് ഹുസൈന്റെ നേതൃത്വത്തിൽ ഇന്ത്യ വിരുദ്ധ പ്രത്യയശാസ്ത്രം പ്രോത്സാഹിപ്പിക്കുന്നതിന് രഹസ്യ യോഗങ്ങൾ നടത്തിയതായി NIA അറിയിച്ചു.

✪✪✪

കേരള സർവകലാശാല QS WORLD യൂണിവേഴ്സിറ്റി റാങ്കിങ്ങിലും MG സർവകലാശാല ടൈംസ് ആഗോള റാങ്കിങ്ങിലും മികച്ച് നേട്ടം സ്വന്തമാക്കിയത് ലോക നിലവാരത്തിലേക്ക് ഉയരുന്ന കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലക്ക് അഭിമാനകരമണെന്ന് മന്ത്രി ഡോ. R. ബിന്ദു പറഞ്ഞു. കേരള സർവകലാശാലക്ക് QS റാങ്കിങ്ങിൽ 339-ാം സ്ഥാനവും തെക്കനേഷ്യൻ ലോക യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ 88-ാം സ്ഥാനവും ലഭിച്ചു.

MG സർവകലാശാല 401 മുതൽ 500 വരെ റാങ്ക് വിഭാഗത്തിലേക്കാണ് മുന്നേറിയത്. കഴിഞ്ഞ വർഷത്തെ റാങ്കിങ്ങിൽ 501-600 വിഭാഗത്തിലായിരുന്നു MG സർവകലാശാല.

✪✪✪

കൊച്ചി വിമാനത്താവളത്തിൽ വളർത്തു മൃഗങ്ങളുടെ ഇറക്കുമതിക്കായി ഏർപ്പെടുത്തിയ ക്വാറന്റീൻ, സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ രാവിലെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. സിയാലിന്റെ ഡൊമസ്റ്റിക് ടെർമിനലിലാണ് ഉദ്ഘാടനചടങ്ങ്.

✪✪✪

ബംഗ്ലാദേശിനെതിരായ പുരുഷ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. രണ്ടാം മൽസരത്തിൽ ഇന്നലെ ഡൽഹിയിൽ 86 റൺസിന് വിജയിച്ചതോടെയാണ് ഇന്ത്യ പരമ്പര സ്വന്തമാക്കിയത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 221 റൺസെടുത്തു. ബംഗ്ലാദേശിന്റെ മറുപടി 135 റൺസിൽ ഒതുങ്ങി.

✪✪✪

വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് എയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയ്ക്ക് വിജയം. ദുബൈയിൽ ശ്രീലങ്കയെ 82 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ഇതോടെ ഇന്ത്യ സെമി സാധ്യത നിലനിർത്തി. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഉയർത്തിയ 173 റൺസ് എന്ന വിജയലക്ഷ്യം പിന്തുടർന്ന ശ്രീലങ്ക 19.5 ഓവറിൽ 90 റൺസിന് ഓൾ ഔട്ടായി.

ഇന്ന് ഷാർജയിൽ ഗ്രൂപ്പ് ബി മൽസരത്തിൽ ബംഗ്ലാദേശ് വെസ്റ്റിന്റീസിനെ നേരിടും. രാത്രി 7.30 നാണ് മൽസരം.

✪✪✪

ആർട്ടിക് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യാ സെന്നും കിരൺ ജോർജ്ജും രണ്ടാം റൗണ്ടിൽ കടന്നു. ഇന്ന് ലക്ഷ്യാ സെൻ തായ്പേ താരത്തോടും കിരൺ ജോർജ്ജ് ഇന്തോനേഷ്യൻ താരത്തോടും ഏറ്റുമുട്ടും.

വനിത സിംഗിൾസിൽ മാളവിക ബൻസോദ്, ഉന്നതി ഹൂഡ, ആകർഷി കശ്യപ് എന്നിവരും പ്രീക്വാർട്ടറിലേക്ക് കടന്നു.

✪✪✪

കണ്ണൂരിൽ സംസ്ഥാന സ്കൂൾ ഗെയിംസ് ഗ്രൂപ്പ് മൂന്ന് മത്സരങ്ങളിൽ ജൂനിയർ ആൺ കുട്ടികളുടെ ബാസ്കറ്റ്ബോളിൽ തൃശ്ശൂർ ചാമ്പ്യന്മാരായി. കോഴിക്കോട് രണ്ടാംസ്ഥാനവും കോട്ടയം മൂന്നാംസ്ഥാനവും നേടി. ഗുസ്തിയിൽ തിരുവനന്തപുരം ജേതാക്കളായി. കണ്ണൂർ രണ്ടാം സ്ഥാനവും തൃശ്ശൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ജിംനാസ്റ്റിക് മത്സരങ്ങളിൽ തിരുവനന്തപുരം ചാമ്പ്യന്മാരായി. കണ്ണൂർ രണ്ടും കൊല്ലം മൂന്നും സ്ഥാനം നേടി.

✪✪✪

കോഴിക്കോട് തിരുവമ്പാടി പുല്ലൂരാംപാറക്ക് സമീപം KSRTC ബസ് പുഴയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ ഡ്രൈവരുടെ ഭാഗത്ത് തെറ്റില്ലെന്നാണ് ദൃക്സാക്ഷികളുടെ കൂടി മൊഴിയുടെ അടിസ്ഥാനത്തിൽ CMD നൽകിയ പ്രാഥമിക റിപ്പോർട്ടിൽ പറയുന്നതെന്ന് മന്ത്രി KB ഗണേഷ് കുമാർ അറിയിച്ചു.

മറ്റൊരു വാഹനത്തെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് ബസ് നിയന്ത്രണം വിട്ട് പുഴയിലേക്ക് വീണത്. ബസിന് മറ്റ് തകരാറുകളൊന്നും ഉണ്ടായിരുന്നില്ല. അപകടത്തിൽ മരിച്ചവർക്ക് പാസഞ്ചർ ഇൻഷൂറൻസിൽനിന്ന് 10 ലക്ഷം രൂപ വീതം നൽകുമെന്ന് മന്ത്രി അറിയിച്ചു. പരിക്കേറ്റവരുടെ ചികിത്സാചെലവും KSRTC വഹിക്കും.

✪✪✪

തിരുവനന്തപുരം വെള്ളായണി സ്പോർട്സ് സ്കൂളിൽ വിദ്യാർത്ഥിപീഡനമുണ്ടായി എന്ന പരാതി അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകാൻ മന്ത്രി V ശിവൻകുട്ടി നിർദേശം നൽകി.

തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്കാണ് അന്വേഷണ ചുമതല.

✪✪✪

ശാന്തിഗിരി ഫെസ്റ്റ് കരുണാകരഗുരുവിന്റെ മഹത്തായ ആശയങ്ങളുടെ വിഭവസമാഹരണമാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. പോത്തൻകോട് ശാന്തിഗിരി ഫെസ്റ്റിന്റെ മൂന്നാം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കരുണകരഗുരുവിന്റെ നൂറാം ജന്മദിനാഘോഷങ്ങൾക്ക് മുന്നോടിയായി സംഘടിപ്പിക്കുന്ന ശാന്തിഗിരി ഫെസ്റ്റിലൂടെ അദ്ദേഹത്തിന്റെ ആത്മീയദർശനങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ കൂടുതൽ പ്രതിഫലിക്കുമെന്ന് ഗവർണർ പറഞ്ഞു.

✪✪✪

ഇന്നലെ അന്തരിച്ച ചലച്ചിത്ര നടൻ ടി പി മാധവന്റെ മൃതദേഹം വൈകിട്ട് തിരുവനന്തപുരം ശാന്തികവാടത്തിൽ സംസ്കരിക്കും. കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെ ഇന്നലെയായിരുന്നു 88 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. കഴിഞ്ഞ എട്ട് വർഷമായി പത്തനാപുരം ഗാന്ധിഭവൻ അന്തേവാസിയായിരുന്നു അദ്ദേഹം. അറുനൂറിലധികം ചിത്രങ്ങളിൽ ടി.പി മാധവൻ അഭിനയിച്ചിട്ടുണ്ട്.

✪✪✪

ഇന്ന് ലോക മാനസികാരോഗ്യ ദിനം. മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്താനും മാനസികാരോഗ്യ സംരക്ഷണത്തിന് പിന്തുണ നൽകാനും ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ഒക്ടോബർ 10ന് മാനസികാരോഗ്യ ദിനമായി ആചരിക്കുന്നത്. ജോലിയിൽ മാനസികാരോഗ്യം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪